# കണിക

St.Thomas H S
KARIKKOTTAKARY

**നന്ദിയുടെ ഒരു വാക്ക്......**

**ഹൈസ്കൂൾ തല വിദ്യാർത്ഥികളുടെ വിവര സാങ്കേതിക വിദ്യ വളർത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച KITE പദ്ധതിക്ക് സുസ്വാഗതം.ഈ സംരംഭം വിജയിപ്പിക്കുന്നതിന് എന്നെ സഹായിച്ച എന്റെ സഹപാഠികൾക്കും,അദ്ധ്യാപകർക്കും ഞാൻ നന്ദി പറയുന്നു. ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ എളിയ പ്രയത്നമായ 'കണിക' സസന്തോഷം സമർപ്പിക്കുന്നു.**



**സ്റ്റുഡന്റ് എഡിറ്റർ**
**ആദർശ് പ്രകാശൻ**




# ST.THOMAS HS KARIKKOTTAKARI



**<u>ആശംസ</u>**

പാഠപുസ്തകത്ത ചിട്ടപ്പെട്ടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം ലിറ്റിൽകൈറ്റ്സ് വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കളിത്തോട്ടുകൂടിയുള്ള ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി എന്നറിഞ്ഞതിൻ അതിയായി സന്തോഷിക്കുന്നു.ഈ മാഗസിന് എന്റെ എല്ലാ വിജയാശംസകളും നേരുന്നു.ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

ആശംസകളോടെ,

ശ്രീ ജെയിംസ് പി.വി

[H .M]

## ആശംസകൾ

സെൻ്റ് തോമസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഡിജിറ്റൽ മാഗസിൻ 'കണിക'തയ്യാറാക്കിയതിൽ വളരെ സന്തോഷമുണ്ട്.ഇത് കേ-വലം ഒരു 'കണിക' മാത്രമാണ്.അടുത്ത ഉദ്യമത്തിൽ ഒരു സരോവരമായി മാറട്ടെഎന്നാശംസിക്കുന്നു.



**ലിറ്റിൽ കൈറ്റ്സ്**

**മാസ്റ്റർ**

**ജോസ് പ്രകാശ് .സി.ജി**



**മിസ്ട്രസ്**

**ശ്രീമതി അനിത ജോസഫ്.പി.**

# ആശംസ

ലിറ്റിൽ കൈറ്റ്സിന്റെ പ്രഥമ സംരംഭമായ ഡിജിറ്റൽ മാഗസിൻ 'കണിക'യ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.



**സെബാസ്റ്റ്യൻ കെ വി**

**SITC, STHS KARIKKOTTAKARI**

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: ആദർശ് പ്രകാശൻ

അംഗങ്ങൾ: ആൽബിൻ പി കെ

ഫാത്തിമത്തുൽ സുമയ്യ

അഞ്ജന സുബ്രമണ്യൻ

വിനീത വിജയൻ.

# താളുകൾ മറിക്കുമ്പോൾ........


എന്റെ സ്വപ്നങ്ങൾ....................12
ഹയ്യോ വിശക്കുന്നേ....................39
അനുതാപക്കണ്ണീർ....................18
ആവശ്യമാണ് ഗുരു....................24
എൻ.എൻ കക്കാട് (1927-1987)....................25
എന്റെ സ്വപ്നങ്ങൾ....................12
കടമ്മനിട്ട രാമകൃഷ്ണൻ (1935-2008)....................14
കാളകൾ....................22
ചേതസ്സിൻ വികാരങ്ങൾ....................26
തേനീച്ചയുടെ പാട്ട്....................40
നഷ്ടസ്മരണകൾ....................35
നാടിന്റെ നന്മക്കായ്....................9
പരിശ്രമം ചെയ്യുകിലെന്തിനേയും....................32
പോടായ മരം....................28
ബൗ..ബൗ!പ്ലം...പ്ലം!....................11
ഭയം....................20
മതിലേരിക്കന്നി....................30
വൃദ്ധസദനമെന്തുകൊണ്ട് ?....................16
സ്വപ്നം....................15
ഹയ്യോ വിശക്കുന്നേ....................39

# നാടിൻെറ നന്മക്കായ്...

വളരുവിൻ  നാടിൻ നല്ല മക്കളായ്
ഉണരുവിൻ ലോകതിന്മയകറ്റവാൻ
ഒത്തു സ്നേഹ സുഗന്ധം പരത്തിനാം
വളരണം  വാടാമലരുകളായിനി

ഒരേ മന്നിൻെറ മാറിൻതലചായിച്ച്
ഒരേ  ഭുവിൽ ജലവും കുടിച്ചുനാം.
ഒരേ  സൂര്യപ്രകാശത്തെയേറ്റനാം
ഒരേ  നിറ തിണം സിരയിലെഴുന്നനാം

ഒരേ മർത്ത്യകുലത്തിൽ പിറന്നനാം
ഒരേ ശക്തിതൻ ശാന്തിദർശിച്ചു നാം
ഒരേ മാർഗ്ഗത്തിലന്ത്യമെത്തേണ്ട നാം
ഒരേ ഛായയിൽ സൃഷ്ടിയായുള്ളനാം

ഒരേ  മന്നിൻെറ  വായു ശ്വസിച്ചുനാം
ഒരേ  വായുവെ മന്നിൽത്യജിച്ചുനാം
ഒരേ  ക്ഷോണിയിൽ ലീലകൾ പൂണ്ടുനാം.
പുതു പുതു പുലരികൾ മാടിവിളിക്കുവിൻ

ഒരു  പുതുപാരിനെ കെട്ടിയുയർത്തുവാൻ,
എല്ലാം മറന്നുനാം , എല്ലാം പൊറുത്തുനാം

ലോകൈകനാഥൻെറ പാതയിലെത്തുവിൻ
ആ പുതു ഭൂവിൻെറ മാറിങ്കൽ  നാമിനി
പുത്തനുണർവെഴും, വാടാമലരുകൾ.

**അഞ്ജന സുബ്രമണ്യൻ**
IX C

# ബൗ..ബൗ!പ്ലും...പ്ലും!

മഹാവികൃതിയാണ് മിക്കൻ നായ
അവൻ എല്ലാവരെയും വെറുതെകുരച്ച് പേടിപ്പിക്കും
ഒരു ദിവസം മിക്കൻ നോക്കുമ്പോൾ അതാ മുറ്റത്തെമരച്ചില്ലയിൽ ഒരു അണ്ണാൻ
'ഇവനെ പേടിപ്പിക്കാം' മിക്കൻ വിചാരിച്ചു.
മിക്കൻ മരച്ചുവട്ടിൽ ചെന്നു എന്നിട്ട് മുകളിലേക്ക് നേക്കി കുരയോട് കുര!
കുര കേട്ട് അണ്ണാന് ദേഷ്യം വന്നു.
അണ്ണാൻ മരത്തിലെ പഴങ്ങൾ പറിച്ച് മിക്കനെ തുരുതുരാ എറിഞ്ഞു.
ഏറ്റു കൊണ്ട് വേദനിച്ച മിക്കൻ കരഞ്ഞുകൊണ്ട് ഒറ്റയോട്ടം!


**അഭിജിത്ത് മാത്യു**
IX A

# എൻെറ സ്വപ്നങ്ങൾ

ഇന്ന് എൻെറ ജീവിതത്തിൽ
ആയിരം സ്വപ്നങ്ങളുടെ
നീർചാലായി ഒഴുകുന്ന വൻ സ്വപ്നങ്ങൾ
ഞാൻ ഒരുക്കി
ആയിരം ആയിരം മോഹങ്ങൾ
ഞാൻ നീക്കി
പണ്ടത്തെ കാലത്തെ പോൽ
പ്രകൃതിയെ നോക്കിടാൻ
അതിൻെറ ചുറ്റുവറ്റി എന്നും എന്നും ജീവിച്ചിടാൻ
കാരുണ്യം തുളമ്പുന്ന മനുഷ്യരുമായി
ഉല്ലാസിച്ചടാൻ എൻെറ വലിയ ഒരു സ്വപ്നമായിരുണ്
ശ്രീകൃഷണൻ കാളിയനെവധിച്ച നദിയിൽ
ചെന്ന്.ശ്രീകൃഷ്ണ ഗാനം ആലപിക്കണമെനിക്കൊന്ന്
ഇളംകാറ്റിൽ ആടി ഉലയുന്ന തളിരിനെ
പോലെ ഞാൻ ആ ഇളംകാറ്റിൽ ആടിഉലയാൻ
കൊതിപ്പു .
മോഹനവും ശാന്തവുമായി ഇണങ്ങിനിൽക്കും
പൂമ്പാട്ടയെ പോലെ ആയിടാൻ
മോഹമുണ്ട് എനിക്ക് ഇന്ന് .
കൈയെത്താ ദൂരത്തു നിൽക്കുന്ന
ചന്ദ്രൻെറ മുകളിൽകയറി ആകാശം ചുറ്റാനായി
ഞാൻ ഇന്ന് കൊതിക്കുന്നു .
ആയിരം പാവങ്ങൾക്ക് പുണ്യങ്ങൾ
ചെയ്തീടുവാൻ .
സ്നേഹത്തിൽ ജീവിച്ചിടാൻ ഞാൻ

ഇന്ന് കൊതിക്കുന്നു .
യുദ്ധവും ഭീകരതയും തിങ്ങിനിൽക്കുന്ന
ഈ ലോകം .
അശാന്തതയുടെ അടയാളമാണല്ലോ ...
കേഴുകയാണ് ഞാൻ ഇന്ന് ഈ ലോകത്തിൻെറ
അവസ്ഥ ഓർത്ത് ഓർത്ത് .
ഈ ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ഓരോ
സ്യപ്നം കാണണം ഒരു പ്രകൃതിയെ
യുദ്ധങ്ങൾ ഒന്നുമില്ലാതെ
ചിന്തിക്കണം നമ്മൾ കൊല്ലുന്നത്
നമ്മുടെ കൂട്ടരെയാ
കാണണം നമ്മൾ അവരുടെ
അവകാശങ്ങൾ
ഒരുവൻ മാത്രം അവകാശപ്പെട്ടതല്ല ഈ
ഭൂമി,
ചന്തിക്കാം പ്രവർത്തിക്കാം ഓരോ ഓരോ
മനസ്സോടെ
നല്ലോരു നാളത്തേക്കായി സ്വപ്നങ്ങൾ
കാണുവാണ് .
എൻെറയിം ലോകത്തിൻെറയും മുഴുവൻ
സന്തോഷത്തിനായ് .

# കടമ്മനിട്ട രാമകൃഷ്ണ്ൻ (1935-2008)



നാടൻപാട്ടിന്റെ ഈണത്തിലും താളത്തിലും കവിത രചിച്ച മലയാളത്തിലെ പ്രശസ്ത കവി.1935 മാർച്ചിൽ പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ട ഗ്രാമത്തിൽ ജനിച്ചു.മേലേത്ര രാമൻനായരും കുട്ടിയമ്മയുമാണ് മാതാപിതാക്കൾ.പഠനശേഷം 1959 ൽ മദ്രാസിലെ പോസ്റ്റൽ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് ഓഫീസിൽ ജോലി ലഭിച്ചു. കേരള സ്റേറ്റ് ലൈബ്രറി കൗൺസിൽ പ്രസിഡൻറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1996 ഏപ്രിലിൽ നടന്ന തെരഞ്ഞെടുപ്പിൽ ആറന്മുളയിൽനിന്ന് കേരളനിയസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.2008 മാർച്ചിൽ അന്തരിച്ചു. പ്രധാനകൃതികൾ:കുറത്തി,കടിഞ്ഞൂൽപൊട്ടൻ,മിശ്രതാളം,മഴപെയ്യുന്നു മദ്ദളം കൊട്ടുന്നു,വെള്ളിവെളിച്ചം,കടമ്മനിട്ടയുടെ കവിതകൾ, കോഴി(കവിതകൾ),ഗോദോയെക്കാത്ത്, സൂര്യശില(വിവർത്തനങ്ങൾ). 1976-ൽ ആദ്യകൃതിയായ 'കവിത' പ്രസിദ്ധികരിച്ചു. ആശാൻ പ്രൈസ്,കേരള സഹിത്യ അക്കദമി അവർഡ് തുടങ്ങി നിരവധി പുരസ്കരങ്ങൾ കടമ്മനിട്ടയ്ക്കു ലഭിച്ചു.

# സ്വപ്നം

നഗരവീതികൾ ഒഴിഞ്ഞു കിടക്കുന്നു
തിങ്ങിപാർക്കുന്ന ജനങ്ങൾക്കിടയിൽ
ഞാനൊരു അതി മനോഹരമായ
സ്വപ്നം കണ്ടു .
മരം പോലെ പച്ചയാർന്നു
നിൽക്കു മീ എൻ സ്വപ്നം.
ചിറകൊടിഞ്ഞ പട്ടം പോലെ
ഉയർന്നതാണെൻ സ്വപ്നം?
നീലാകാശത്തെ നീലക്കിളിയെ പോലെ
തു മഞ്ഞിലെ തു വെള്ളപോലെ
നന്മനിറഞ്ഞ പൊൻ അരുവിയെൻ സ്വപ്നം

എൻ സ്വപ്നങ്ങളെല്ലാം എൻ ജീവിതത്തെ
ഇല പോയ ശിഖിരങ്ങൾപൊലെയാക്കുന്നു?
കൂട്ടിലകപ്പെട്ട മഞ്ഞക്കിളിയെപ്പോലെ
കാലത്തിൻെ വായിലകപ്പെട്ട മനുഷ്യനെപ്പോലെ
അതി ഭീകരമാണെൻ സ്വപ്നം

ഒരിക്കലും ചിറകൊടിയാതെ
കാത്തു സൂക്ഷിക്കും
ഞാനെൻ അതി മനോഹരമീ സ്വപ്നം
ഈ ജീവിതത്തിലിനിയും
കാണാൻ കഴിയണം
അതിമനോഹരമീ സ്വപ്നം

**അഞ്ജു മരിയ**
IX A

# വൃദ്ധസദനമെന്തുകൊണ്ട് ?



'മാതാ പിതാ ഗുരുദൈവം' എന്ന ദൈവിക ചിന്ത വെറുമൊരു പ്രഹസനമായിമാറിയിരിക്കുന്ന കാലഘട്ടം...ആധുനിക കാലഘട്ടം..... കഷ്ട്പ്പെട്ടു വളർത്തിയ മാതാപിതാക്കളെ വെറുമൊരു പിച്ചചട്ടി എന്ന പോൽ വലിച്ചെറിയപെടുന്നവരുടെ നാട്, കേരളനാട്,പഴശ്ശിരാജയുടെയും,വേലുത്തമ്പി ദളവയുടെയും,കുഞ്ഞാലി മരയ്ക്കാരുടെയും സ്വന്തം നാട്, നമ്മുടെ മലയാള നാട്.

എന്തുകൊണ്ട് ഇന്ന് കേരളത്തിൽ വൃദ്ധസദനങ്ങൾ വളർന്നു വരുന്നു? ഇതിനെന്താണ് കാരണം? ഓരോ വ്യക്തിയുടെ സ്വഭാവത്തെയും, ജീവിതത്തിന്റെ കർമോന്മഹ മേഖലകളുടെയും ഉറവിടം തന്നെയാണ് മാതാപിതാക്കൾ. ആ മാതാപിതാക്കളെയാണിന്ന് വൃദ്ധസദങ്ങളിലേക്കു തള്ളുന്നത്. മാതാപിതാക്കൾതന്നെ കുട്ടികൾക്ക് ശൈശവത്തിൽ നടക്കേണ്ട വഴി പരിശീലിപ്പിച്ചു നൽകണം,വൃദ്ധരായ മാതാപിതാക്കളോട് അനുകമ്പ കാണിക്കുവാൻ പ്രേരിതരാക്കി വളർത്തണം. വൃദ്ധസദനങ്ങളിലേക്ക് തള്ളപ്പെടുന്ന മാതാപിതാക്കൾക്ക് അവരുടെ മാതാപിതാക്കളോടുള്ള സമീപനം തന്നെയായിരിക്കും തിരിച്ചു ലഭിക്കുക. മുഖ്യമായും കൗമാര കാലഘട്ടത്തിലാണ് ഓരോ കുട്ടികളും തങ്ങളുട മാതാപികാക്കളിൽ നിന്നകന്നുപോകുന്നത്. ഈ പ്രായത്തിൽ തന്നെയാണ്കുട്ടികൾ ഏറെ ശ്രദ്ധിക്കേണ്ടതും.

ദൈനന്തിന പത്രങ്ങളിൽ മകൻ അമ്മയെ ഉപേക്ഷിച്ചു, അച്ഛനെ മകൻ

വെട്ടിക്കൊന്നു, തുടങ്ങിയ വാർത്തകളിന്ന് സ്വാഭാവികമാണ്
എങ്ങോട്ടാണ് ഈ ശപിക്കപ്പെട്ട സമൂഹം നീങ്ങുന്നത്? തീർത്തും അ:ധ:പതനത്തലേക്ക്.അതു തീർച്ച തന്നെ.കൈയ്യും കാലും വളരുന്നത് നോക്കി വയളർത്തിയ മാതാപിതാക്കളെ നടതള്ളിയുപ്പോൾ അവർക്കെത്രമാത്രം വിഷമമാണ് ഉണ്ടായതെന്ന് ചിന്തിക്കാൻ കഴിയില്ല.

ആധുനിക കാലഘട്ടത്തിലെ ന്യൂജനറേഷൻ സ്റ്റൈലുകളുടെ കടന്നുകയറ്റം തന്നെയാണ് മാതാപിതാക്കളെ നടതള്ളാൻ പ്രേരിപ്പിക്കുന്നത്.താനുണ്ടില്ലെങ്കിലും തന്റ മകൻ/മകൾ വിശക്കരുത് എന്നു കരുതി വളർത്തിയ മാതാപിതാക്കളെ ഇന്ന് സൗന്ദര്യമില്ല എന്ന പേരിൽ പോലും ഉപേക്ഷിക്കുന്നു.നൂതന സാങ്കേതിക വിദ്യകളകടന്നുകയറ്റവും,റോക്കറ്റ് വേഗതയിൽ കുതിക്കുന്ന ആധുനിക സമൂഹവും മാതാപിതാക്കളെ പാഴ്വസ്തുക്കളായി കരുതുന്നു, മാതാപിതാക്കളെ ഭാരമായി മിക്ക മക്കളും  കരുതുന്നു, അവരെ അവഗണിക്കുന്നു. തമിഴ്നാട്ടിൽ മാതാപിതാക്കളെ പുറംതള്ളുന്നത് ഒരാചാരം കൂടിയാണ്.ലോകം പുതിയതായതോടെ മനുഷ്യന്റെ ചിന്താഗതികൾ മാറി, അവന്റെ മനസ്സിൽ ദുഷിച്ച ചിന്തകൾ കടന്നു കൂടി. റഫീഖ്അഹമ്മദിന്റെ "അമ്മത്തൊട്ടിൽ" വാർദ്ധക്യത്തിന്റെ അവഗണനയ്ക്കൊരുദാഹരണമാണ്.

എല്ലാവരുടെയും കരങ്ങൾ ഒരുമിച്ച് പിടിച്ച് ധീരഹസ്തങ്ങളാക്കി മാറ്റാം, ഇത്തരം തിന്മകൾക്കെതിരെ പൊരുതാം.

നന്ദി, നമസ്കാരം.

**ആദർശ് പ്രകാശൻ**
**IX C**

# അനുതാപക്കണ്ണീർ

സൂര്യപുരിയിലെ സൂര്യമിത്രൻ രാജാവിന്റെ മന്ത്രിയായിരുന്നു സുബാഹു.ഒരിക്കൽ രാജാവ് സുജാഹുമൊത്ത് നായാട്ടിനായി കാട്ടിലെത്തി.
ദൂരെയായി ഒരുപറ്റം മാനുകളെകണ്ട് രാജാവ് ഒരു മരത്തിനു പിന്നിൽ ഒളിച്ചുനിന്ന് അവയെ അമ്പെയ്യാനായി ഉന്നംപിടിച്ചു
അധികാരമോഹിയായ മന്ത്രയുടെ മനസ്സിൽ അപ്പോൾ ഒരു ദുഷട ബുദ്ധി തോന്നി. ഇവിടെ വച്ച് രാജാവിനെ കൊന്ന് കൊക്കയിലെറിഞ്ഞാൽ ഒരു കുഞ്ഞുപോലും അറിയില്ല.
രാജാവിനെ കൊന്ന് തനിക്കു രാജാവാകാൻ പറ്റിയ നല്ല സന്ദർഭം ഇതുതന്നെ.
ഒട്ടും സമയം കളയാതെ മന്ത്രി വാളെടുത്ത് രാജാവിന്റെ തലവെട്ടാനായി ഓങ്ങി. പെട്ടന്ന് മന്ത്രിയുടെ തുടയിൽ ഒരു അമ്പുവന്നു തറച്ചു.അയ്യോ മന്ത്രി ഉറക്കെക്കരഞ്ഞു.
രാജാവ് ഞെട്ടത്തിരിഞ്ഞു നോക്കുമ്പോൾ മന്ത്രി വേദന കൊണ്ട് ഞെരിപിരികൊള്ളുകയാണ്.
ആഴത്തിൽ തറച്ച അമ്പ് രാജാവ് മെല്ലെ വലിച്ചെടുത്തു. മുറിവിൽ നിന്നും രക്തം വാർന്നൊഴുകയാണ്.
രാജാവിനതുകണ്ട് സങ്കടമായി.
ഏതു ദുഷ്ടനാണ് നമ്മുടെ മന്ത്രിയോട് ഈ പാതകം ചെയ്തത്.
മന്ത്രിയെ താങ്ങിപ്പിടിച്ച് രാജാവ് ചുറ്റപ്പാടും നോക്കികൊണ്ട് ചോദിച്ചു
അപ്പോൾ അതാ വില്ലാളി വീരനെപ്പോലെ തോന്നിപ്പിക്കുന്ന ഒരു കാട്ടുജാതിക്കാരൻ അവിടേക്കുവന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു ഞാൻ ഈ കാടിന്റെ മൂപ്പനാണ്.

നിങ്ങൾ മാനിനെ ഉന്നം പിടിക്കുമ്പോൾ ഈ ദുഷ്ടൻ നിങ്ങളുടെ തല വെട്ടാൻ ശ്രമിക്കുകയായിരുന്നു.
ആ സമയത്താണ് ഞാൻ ആമ്പെയ്തത്.
രാജാവ് മന്ത്രിയെ നോക്കി അലറി.
ദുഷ്ടാ നീ ഇവിടെ കിടന്ന് ചാക്.
രാജാവ് കുതിരപ്പുറത്തു കയറി പോയി.
രാജാവും രാജഗുരുവും പുതിയ മന്ത്രിയെ തിരഞ്ഞെടുക്കുകയാണ്.
അപ്പോൾ ഭടൻ പറഞ്ഞു അങ്ങയെ കാണാൻ മൂപ്പൻ വന്നിരിക്കുന്നു.അങ്ങയുടെ ജീവൻ രക്ഷിച്ച എന്നാണ് പറയുന്നത്.
മൂപ്പൻ പറഞ്ഞു അങ്ങയുടെ അദ്യത്തെ മന്ത്രിയെ തിരിച്ചടുക്കണം .
ഇതു കേട്ട രാജാവ് അത്ഭുതപ്പെട്ടു .
രാജഗുരു പറഞ്ഞു,അത് ഒരു നല്ല തീരുമാനമാണ് കാരണം മന്ത്രി നല്ലൊരു വ്യക്തിയായാണ് തിരിച്ച വന്നിരിക്കുന്നത്.
പിന്നെ രാജാവിന് ഒന്നും നോക്കേണ്ടി വന്നില്ല മന്ത്രിയെ തിരിച്ചെടുത്തു.
ഒരു നല്ല പാഠമാണ് കാട്ടുമൂപ്പൻ നമുക്ക് പറഞ്ഞു തരുന്നത്

**അനീഷ് ജെയിംസ്**
IX C

# ഭയം
# വഴിമാറിയപ്പോൾ.....

1804 ഡിസംബർ 21-ന് ഇംഗ്ലണ്ടിലെ ഒരു യഹൂദ കുടുംബത്തിലായിരുന്നു അവന്റെ ജനനം . പഠനത്തിൽ അതിസമർഥനായ അവൻ മാതാപിതാക്കളുടെ കണ്ണിലുണ്ണിയായിരുന്നു .എന്നാൽ സഭാകമ്പവും ഭയവും ആശങ്കകളുമൊക്കെ അവനെ വല്ലാതെ അലട്ടിയിരുന്നു. എന്തെങ്കിലും സംസാരിക്കാൻ അവസരം കിട്ടുമ്പോഴൊക്കെ ഒരു വാക്കും ഉരിയാടാനാവാതെ വിയർത്തൊലിക്കേണ്ടി വരുന്ന അവസ്ഥ . അവന്റെ അറിവിന്റെ പിൻബലത്തിൽ നിരവധി പദവികൾ അവനെ തേടിയെത്തി, എങ്കിലും ഭയം മൂലം ഒന്നിലും തിളങ്ങാൻ അവനായില്ല.

1837-ൽ വിക്ടോറിയൻ ഭരണകാലത്ത് പാർലമെന്റ് അംഗമായി അവനെ തിരഞ്ഞെടുത്തു . എന്നാൽ പാർലമെന്റ് അംഗം എന്നനിലയിലുള്ള അദ്ദേഹത്തിന്റെ ആദ്യപ്രസംഗം തന്നെ കയ്പ് നിറഞ്ഞ അനുഭവമായിരുന്നു.മറ്റുള്ളവരുടെ പരിഹാസങ്ങളുടെയും ബഹളങ്ങളുടെയും ഇടയിൽ ഒന്നും സംസാരിക്കാനാവാതെ അവൻ തളർന്നു.എന്നാൽ അൽപ്പം ധൈര്യം സംഭരിച്ച അവൻ ഇത്രമാത്രം പറഞ്ഞു:"ഒരു വലിയ പരാജയത്തോടെ ഞാൻ തുടങ്ങുകയാണ്.എന്നാൽ നാളെകളിൽ എന്റെ പ്രസംഗത്തിനായി നിങ്ങൾ കാതോർക്കും".

പിന്നീടങ്ങോട്ട് അവന്റെ ജീവിതത്തിൽ ഒരു നല്ല പ്രഭാഷകനാകണം എന്ന ഇച്ഛാശക്തിയോടെയുള്ള പരിശീലന കാലഘട്ടമായിരുന്നു. പരിശീലനങ്ങളിലൂടെ ആത്മവിശ്വാസം നേടിയ അവൻ പിന്നീട് ലോകോത്തര പ്രഭാഷകനായി .1874 -ൽ ബ്രിട്ടീഷ് പ്രധാനമന്ത്രി പദത്തിൽ എത്തിയ അവന്റെ പ്രഭാഷണങ്ങൾ ശ്രവിക്കാൻ ജനലക്ഷങ്ങൾ തടിച്ചുകൂടുമായിരുന്നു .

“ഭയം മനസിന്റെ സൃഷ്ടിയാണ് . നാം ചെയ്തിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുമ്പോൾ സ്വാഭാവികമായും ഭയമുണ്ടാകും . എന്നാൽ അതേ കാര്യം പല തവണ ചെയ്യുന്നതിലൂടെ ഭയത്തെ അതിജീവിക്കാൻ കഴിയുമത്രെ. നാം ചെയ്യുന്ന പ്രവർത്തികളുടെയും ഫലം ശുഭകരമാകണമെന്നില്ല എന്നാൽ ഭയം മൂലം പ്രവർത്തിക്കാതിരുന്നാൽ ഒരിക്കലും ശുഭകരമായ ഫലം ലഭിക്കുകയുമില്ല.ഇഛാശക്തിയോടെ പ്രവർത്തിച്ചാൽ എന്തിനോടുമുള്ള ഭയത്തെ അതിജീവിക്കാം" എന്ന് ജീവിതത്തിലൂടെ കാണിച്ചുതന്ന ആ പ്രതിഭ ആരാണെന്ന് അറിയാമോ??? ശുഭാപ്തി വിശ്വാസത്തോടെ, തന്റേടത്തോടെ ചെയ്യേണ്ട കാര്യങ്ങൾ ചെയ്താൽ വിജയം ഉറപ്പാണ് എന്ന് നമ്മെ പഠിപ്പിച്ച ബെഞ്ചമിൻ ഡിസറേലി എന്ന ബ്രിട്ടീഷ് പ്രധാനമന്ത്രി.

**സനോജ് സതീഷ്**
IX C

# കാളകൾ




തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയിലിരിപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്റെയും, സ്വജ്ജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടന്നവന്നും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിൻെ നിസലയ്ക്കാത്തപ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ.
ഒട്ടെറെക്കാലം മുമ്പിലെച്ചെറുപഞ്ഞക്കുടിൽ-
ത്തൊട്ടില്ലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ,
ലക്ഷ്യമെ ങ്ങറിയാതെ മൃത്യുവിൻ ഭയാനക-
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പതറാതെ,
ജിവിതം കയറ്റിയോരുൽക്കടഭ്ഭാരം തിങ്ങു-
മാവണ്ടി വലികയാണിസ്സാധു നാളിൽ നാളിൽ!
ഗ്രാമവീഥിയിൽ, നേരം വെളുക്കെ,ക്കുടം പേറി,
ത്താമരക്കുളം നോക്കിക്കന്യമാർ ഗമിക്കമ്പോൾ,
പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ ശുദ്ധമാം
നെഞ്ചുക്കു സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ,
ഉച്ചയ്ക്കു വഴിവക്കിൽപ്പേരാലിൻ ചുവച്ചിലായ്
സ്വച്ഛദ്രയിൽ മുങ്ങിപ്പഥികർ ശയിക്കുമ്പോൾ;
ചാഞ്ഞിടും കരിക്കൊടിവള്ളിയിലൂഞ്ഞാലാടി-

ക്കാഞ്ഞിരമരതൊപ്പിൽ തത്തകൾ ചിലയ്ക്കുമ്പോൾ,
അന്തിയിൽ, വിഷക്കാവിൽ, വെളിച്ചമകറ്റുവാൻ
ദുർമ്മന്ത്രവാദം ചെയ്യുംമൂങ്ങകൾ മൂളീടുമ്പോൾ,
അകലെക്കുന്നിൻമോളിൽ, രാത്രിതൻ ഗുഹകളെ-
യലറും തെണ്ടിപ്പട 'യോളി' യാൽ നിറയ്ക്കുമ്പോൾക
കണ്ടിടാറുണ്ടു ഞാനാക്കിഴവനൻ വണ്ടിക്കാരൻ
വണ്ടിയും തെളിച്ചുകൊണ്ടങ്ങിങ്ങു ചരിപ്പതായ്.
മിണ്ടുകില്ലൊന്നും തന്നെ മിഴിയും ചുണ്ടും; വണ്ടി-
ത്തണ്ടിൻെറ ദയാർഹമാം ഞരക്കം മാത്രം കേൾക്കാം.
കാളകൾ ചരിക്കുന്നു മന്ദമായ്; 'ത്തെളിക്കുന്ന
കാള'യും ചലിക്കുന്നിതാവിധമെന്നും തന്നെ!
ഒട്ടേറെയപൂർവമായ്ക്കേട്ടിട്ടും, വണ്ടിക്കാരൻ -
ചാട്ടവാറുലയ്ക്കവേ മൂളുന്ന പാട്ടൊന്നേവും:
“നാടകമേ....യുലകം; നാളെ, നടപ്പതേ -
യാരറിവാർ - ഒരു നാടകമേ....യുലകം!”
ഒരു നാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടു ഞാനെൻ
കരളു നടുങ്ങവേയിമ്മട്ടാമൊരു രാഗം:
നാലുപേർ - അല്ല – നാലു കാളകൾ - പഴന്തുണി
മൂടിയ മരക്കട്ടിൽ പേറി മുന്നേറീടുന്നു!
കട്ടിലിൽ - ത്തുണിക്കുള്ളിൽക്കിടപ്പൂ തൻ ചൈതന്യം
വറ്റിയ 'വണ്ടിക്കാള' – പണ്ടത്തെ വണ്ടിക്കാരൻ!
കണ്ണുനീർ ചൊരിഞ്ഞീലാ ചുറ്റിലും മിത്രാദികൾ;
വിണ്ണിലായ് വിഷാദത്തിൻ വിലാപം പടർന്നീലാ
തോളത്തു ഘനം തൂങ്ങും കട്ടിലും പേറിക്കൊണ്ടു
കാളകൾ നാലും മാത്രമിഴഞ്ഞു മുന്നേറുന്നു.

**ചന്ദന പഴേടത്ത്**
IX A

# ആവശ്യമാണ് ഗുരു

രാംലാൽ എന്ന കോടീശ്വരനായ വ്യാപാരിയുടെ ഒരേഒരു പുത്രനായിരുന്നു രജിത്ത് ലാൽ.
ജീവിതത്തിലെ പ്രയാസങ്ങളൊന്നും അറിയാതെയാണ് അൻ വളർന്നത്.
അവന്റെ എന്താവശ്യവും സാധിച്ചു കൊടുക്കുവാൻ ധാരാളം ജോലിക്കാരുണ്ടായിരുന്നു.
കാലക്രമേണ ഒരു ജോലിയും ചെയ്യാതെ അവൻ കുഴിമടിനായി തീർന്നു.
പിതാവായ രാംലാൽ എത്ര ശ്രമിതച്ചിട്ടും മകന്റെ ഈ സ്വഭാവം മാറ്റി നേർവഴിക്ക് നയിക്കാൻ കഴിഞ്ഞില്ല ഒടുവിൽ രാംലാൽ ഒരുദിവസം മകനെ അടുത്തു വിളിച്ചു വരുത്തിയിട്ട് പറഞ്ഞു.
"മകനേ എന്റെ കാലശേഷം നമ്മുടെ വ്യാപാരമൊക്കെ നല്ല രീതിയിൽ നോക്കി നടത്തേണ്ടത് നീ ആണ്.
പക്ഷേ വ്യാപാരം പുരോഗമിക്കണമെങ്കിൽ ജീവിതത്തിലെ വിഷമങ്ങളും പ്രതിസന്ധികളും നേരിടാൻ പഠിക്കണം.
അതിനു പറ്റിയ ഒരു ഗുരുവിനെ ഞാൻ കണ്ടെത്തിയിട്ടുണ്ട്.
വേഗം യാത്രയ്ക്കൊരുങ്ങിക്കൊള്ളൂ."
'അതിനു ശേഷം ആ ഗുരുവിന്റെ പഠനം കഴിഞ്ഞെത്തിയ രജിത്ത് ലാൽ ഉത്തരവാദിത്ത ബോധമുള്ള ഒരു വ്യക്തിയായി കഴിഞ്ഞിരുന്നു'

**അദ്വൈത് ടി.പി**
**IX B**

# എൻ.എൻ കക്കാട് (1927-1987)

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിക്കടുത്തുള്ള അവിടനല്ലൂർ ഗ്രാമത്തിൽ ജനിച്ചു.അച്ഛൻ നാരായണൻ നമ്പൂതിരി. അമ്മ ദേവകി അന്തർജനം.കോട്ടൂർ എ.യുപി സ്കൂളിലായിരുന്നു വിദ്യാഭ്യാസത്തിലന്റെ തുടക്കം.ബിരുദപഠനത്തിനുശേഷം നടവണ്ണൂർ ഹൈസ്കൂളിൽ അദ്ധ്യാപകനായി. മാനേജുമെന്റുമായി പിണങ്ങിയതിനെത്തുടർന്ന്



കോഴിക്കോട്ടേക്കു പോന്നു. അവിടെ സ്റ്റേറ്റാൾ ട്യൂട്ടോറിയൽസിൽ ജോലിക്ക് ചേർന്നു. (1953). കവിത,കുടുംബം,രാഷ്ട്രീയം,പ്രസംഗം എല്ലാം കുടികലർന്നതായിരുന്നു കക്കാടിന്റെ അക്കാലത്തെ ജിവിതം ട്യുട്ടൊറിയലിൽ അദ്ധ്യാപകനായിരിക്കെ, 1958-ലാണ് കക്കാടിന് ആകാശവാണിയിൽ ഉദ്യോഗം കിട്ടിയത്. ഉറൂബ്, തിക്കോടിയൻ അക്കിതം, കെ.എ. കൊടുങ്ങല്ലൂർ മുതലായ പ്രശസ് ത സാഹിത്യകാരന്മാരുടെ കൂടെ സ്റ്റാഫ് ആർട്ടിസ്റ്റായി പ്രവർത്തിച്ചു സ്ക്രിപ്റ്റ് റൈറ്ററായി തുടങ്ങിയ അദ്ദേഹം കാർഷികരംഗം പ്രൊഡ്യൂസറായി. സാഹിത്യ പ്രവർത്തക സഹകരണസംഘം,കേരള സാഹിത്യ അക്കാദമി, വള്ളത്തോൾ വിദ്യാപിഠം, തിരൂർ തുഞ്ചൻ സ്മാരകം മുതലായവയിൽ കക്കാട് അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. അർബുതബാതയെത്തുടർന്ന് 1987 ജനുവരി 6-ന് കക്കാട് അന്തരിച്ചു. 1986-ലെ വയലാർ അവാർഡ്സഫലമീയാത്രയ്ക്കു ലഭിച്ചു. ശലഭഗീതം,പാതാളത്തിന്റെ മുഴക്കം, ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന്, പകലറുതിക്കു മുബ് തുടങ്ങിയവയാണ് മറ്റു പ്രമുഖ കൃതികൾ.

# ചേതസ്സിൻ വികാരങ്ങൾ....

അകലങ്ങളിൾ നിന്നും ഞാൻ ശ്രുവിച്ച ആ നാദം
എന്തോ മൊഴിയാൻ ആ ഹൃദയമിടിക്കുന്നുവോ ?
അറിയില്ല, ആരായാനാവില്ല .

മനസ്സാം ഉൾക്കാമ്പിൽ ഞാൻ തിരിഞ്ഞു എന്താവാമത്....?
ആ ചിന്തകൾ പേറുന്ന മമഹൃദയം വലഞ്ഞുവോ?
ഇല്ല, അങ്ങനെയാവില്ല.

വിരഹത്തിൻ നോവറിയാൻ ഞാൻ ചെയ് തൊരു കേളി
ഇന്നവയെല്ലാം ഉറഞ്ഞുറഞ്ഞ് മഞ്ഞുകട്ടയായ് മാറിയിരിക്കുന്നു.......
പൊടുന്നനെയെൻ കർണപുടങ്ങളിൽ അലയടിച്ചൊരാ ശബ്ദം -

നിന്നമമതൻ ഹൃദയഹാരിയാം മൊഴികൾ നീ വിസ്മരിച്ചുവോ ?
വിശ്വത്തിൻ സൗന്ദര്യത്തിൽ ഞാൻ വഴുരതിയപ്പോൾ,
മമകോവിലകം മന്ത്രിച്ചു-അരുത് !

പാതിരാത്രതൻ മുള്ളിൽച്ചവിട്ടി പുറത്തേയ്ക്കിറങ്ങിയപ്പോൾ
ആ നിഴലുകൾ അർത്ഥമാക്കിയതെന്ത് ?
ഞാനുമൊരു വീണപൂവല്ലോ?

എന്തിനോട് ബന്ധിക്കും ഞാനെൻ ജീവിതശകടത്തെ
എന്നുന്നിലോ ശൂന്യത മാത്രം.......
ഈ വിശ്വത്തിൻ ശൂന്യതയിൽ ഞാനു-

മൊരു ശലഭം പോൽ പറിനടക്കട്ടെ
സുമത്തിൽ നിന്നും തേൻ-[സ്നേഹം]നുകരട്ടെ. എന്തിന് ?

വീണുടഞ്ഞ  മൺപാത്രമാവാനോ പരമമായ ഒന്നിനെ മുറുകെപിടിക്കു

ചരാചരഗുരുവിനെ,  എൻ സൃഷ്ടാവിനെ ഞാൻ  മറന്നുവോ?
നിബിഡമാം  ഘോരവനമായ്  എൻ  ചിത്തം മാറിയോ ?
ഒട്ടുവിലിതാം ,  പെയ് തിറങ്ങുന്ന  മഹാമാരിയിൽ

ലയിപ്പിച്ചു ഞാനെൻ വികാരങ്ങളെ ..............

**മരിയ ജോൺ**
IX A

# പോടായ മരം

കാട്ടിൽ പൊക്കം കൂടിയ ഒരു മരമുണ്ടായിരുന്നു . ഏറ്റവും വലുപ്പമുള്ളതും പടർന്നു പന്തലിച്ചതുമായ മരം



എവിടെ നിന്നു നോക്കിയാലും കാണാം.
അങ്ങനെയിരിക്കെ , അന്യവനത്തിൽ നിന്നുവന്ന ഒരു കഴുകന് ഈ മരം നന്നേ ബോധിച്ചു .
അതിന്റെ ഒത്ത ശിഖിരത്തിരുന്നു നോക്കിയാൽ ലോകം മുഴുവൻതന്നെ കാണാമല്ലോയെന്നു കഴുകൻ അതിശയം കൂറി.
മരത്തിന്റെ ഒത്ത ശിഖിരത്തിൽത്തന്നെ കഴുകൻ ഒരു കൂടുണ്ടാക്കി.
അപ്പോഴാണ് മരത്തിന്റെ വേരുകൾക്കിടയിൽ നിന്നും ഒരു നച്ചെലി പുറത്തേക്കു വന്നത്.
അവൻ കഴുകന്റെ കൂടുകണ്ടപ്പോൾ പറഞ്ഞു .
ചങ്ങാതി,n ഈ മരം അത്ര നല്ലതല്ല കൂടുണ്ടാക്കാൻ മറ്റേതെങ്കിലും മരം കണ്ടെത്തുകയാണ് നല്ലത്...."
എലിയുടെ വർത്തമാനം കഴുകനെ ചൊടിപ്പിക്കുകയാണ് ചെയ്തത് .
"താനൊന്നുപോടോ നച്ചെലീ....ഏറ്റവും ഉയരത്തിൽ പറക്കാൻ കഴിവുള്ള പക്ഷിയാണു ഞാൻ .
ഈ കാട്ടിലെ ഏറ്റവും പൊക്കമുള്ള ഈ മരത്തിൽ തന്നെ ഞാൻ കൂടുണ്ടാക്കും ..."
" അതല്ല ചങ്ങാതീ....ഈ മരം നോക്കൂ....മറ്റൊരു പക്ഷിയും ഇതിൽ കൂടുവച്ചിട്ടില്ല...."എലിയെ തുടരാൻ അനുവദിക്കാതെ ചീറിക്കൊണ്ട് കഴുകൻ കട്ടായം പറഞ്ഞു :
"വായടക്കെടാ പൊട്ടനെലീ....താനെന്നെ പഠിപ്പിക്കണ്ട . പോയി വല്ല

കിഴങ്ങും മാന്താൻ നോക്ക്...!"
എലി പിന്നീടൊന്നും പറഞ്ഞില്ല .
വൈകാതെ കഴുകൻ കൂട്ടിൽ മുട്ടകളിട്ടു. മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തുവന്നു.
ആ കൊല്ലത്തെ കാലവർഷം അല്പം നേരത്തെയായിരുന്നു.

പല മരങ്ങളും കടപുഴകി വീണു.
കൂട്ടത്തിൽ പൊക്കക്കാരൻ മരവും.
കഴുകന്റെ കൂടും കുഞ്ഞുങ്ങളും നിലത്തുവീണ് വെള്ളത്തിൽ നനഞ്ഞു.
അപ്പോൾ എങ്ങുനിന്നോ നച്ചെലി കഴുകന്റെ അടുത്തെത്തി.
നച്ചെലി കുറേ കാര്യങ്ങൾ ചോദിച്ചു.
എലിയുടെ ചോദ്യത്തിന് കഴുകന് ഉത്തരമൊന്നുമില്ലായിരുന്നു.
"നല്ലതുപോലെ ആലോചിക്കാതെ എടുത്തുചാടി എടുക്കുന്ന തീരുമാനങ്ങൾ വിപരീതഫലമേ ഉളവാക്കൂ...."

**അക്ഷയ് ഷിബു**
IX B

# മതിലേരിക്കന്നി


തിരുവെഴുത്തോലോലാതു  കണ്ടോണ്ടോരെ
കിട്ടുകിടെ  പൊട്ടിക്കരഞ്ഞേ  കന്നി
കണ്ണീരും  കൈയ്യായി  നിന്നവള്
കരഞ്ഞും  പറഞ്ഞല്ലോ  കുഞ്ഞിക്കന്നി
കനകം  നാളേറെ  മനം  കൊതിച്ച്
കരളിനകത്തുള്ള  നാട്ടുവാഴിക്ക്
അറിയാതെയായിരം  കുറ്റം  കണ്ട്
അതിനെന്തുടയോനെ  വേണ്ടത്  ഞാനേ
ഓലുണ്ടേരിപൊരിയങ്കത്തില്
ഞാനുണ്ടിപ്പട്ടുരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും  ചോലയിലും
ഞാനുണ്ടീയേഴ്  തട്ട്  മാളോൃമ്മല്
പൊറുക്കന്നില്ലച്ചാ  പൊറുക്കന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ
പതിനേഴും  കോപ്പും  തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം  വെച്ചെനക്ക്
ഇരുപത്തിയാറ്  വയസ്സവർക്ക്
തിരുമേനി  പടയിലെന്തോം  വന്നെങ്കില്
എവിടെവെച്ചാ  പൊറുക്കും  ഞാനേ
നാട്ടുവാഴി  തെളിഞ്ഞാലേ  ഞാൻ  തെളിയൂ
നാട്ടുവാഴീരുന്നാലേ  ഞാനിരിക്കൂ
നാളത്തേ  പുല്ലപുലരും  കാലം
വേണാട്  പൂങ്കൊയിലോം  പോണെനക്ക്
തിരുവെഴുത്താലോലാതുകാണുന്നേരം
കൈമെയ്യിറക്കവും  വന്നെനക്ക്
മെയയ്യല്ലും  കണ്ണായിത്തോന്നേനക്ക്

തലവൻ പടനായരത്തോടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ

പടനിലച്ചന്തം പഠിപ്പിച്ചൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ
അച്ഛൻകനിവെന്നോന്നുണ്ടെങ്കില്
പടപൊയ്തു താപ്പൂട്ടി വന്നോളാലോ.

**സാന്ദ്ര ബിനോയ്**
IX A

# പരിശ്രമം ചെയ്യുകിലെന്തിനേയും



പലപ്പൊഴും ജീവിതസാഹചര്യങ്ങൾ  നമുക്ക് മറികടക്കാൻ ആവാത്തവയായിരിക്കും ആ സാഹചര്യത്തിൽ  നമുക്ക് ചെയ്യാനുള്ളത് അതങ്ങു വിട്ടുകളയുകയാണ്. എൻെറ ജീവിതത്തിലും വേണ്ടുവോളം ഉയർച്ചതാഴ്ചകളുണ്ടായിട്ടുണ്ട്. എന്നാൽ തരണം ചെയ്യാനാവാത്ത കുറച്ച് കാര്യങ്ങൾ മാത്രമേ എൻെറ ജീവിതത്തിൽ  ഞാൻ ഓർമ്മിക്കുന്നുള്ളു.

1972-ൽ സതീശ് ധവാനും ബ്രഹ്മപ്രകാശവും എന്നെ വിളിച്ചു. ഐ.എസ്.ആർ.ഒ.യുടെ ചെയ്യർമാനായിരുന്നു ധവാൻ അദ്ദേഹം പറഞ്ഞു,''വളരെ പ്രധാനപ്പെട്ട ഒരു കാര്യം നിങ്ങളെ ഏൽപ്പിക്കാൻ പോവുകയാണ്. നിങ്ങളായിരിക്കും എസ്.എൽ.വി-3 യുടെ ഡയറക്ടർ അതിനാവിശ്യമായ പണം നിങ്ങൾക്കു തരും.പദ്ധതി ഏഴു കോല്ലം കൊണ്ട് പൂർത്തിയാക്കണം. ആവിശ്യമായ ആളുകളെ ഈ സ്ഥാപനത്തിൽ നിന്ന് അതായത് അതിൻെറ വിവിധ കേന്ദ്രങ്ങളിൽനിന്ന് ലഭിക്കും നമ്മളെല്ലാവരും ഒരു ടീമായിരിക്കും. ഞാൻ നിങ്ങൾക്കായിരിക്കും പദ്ധതി സംബന്ധിച്ചുള്ള വിവരം തരുക.''ഞാൻ അതു കേട്ടു അതിശയിച്ചുപോയി.ഒരുപാട് തലമുതിർന്ന ശാസ്ത്രജ്ഞരുണ്ടായിട്ടും എന്നെയാണല്ലൊ അദ്ദേഹം ഈ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തത്.

അമ്പരപ്പോടെ ഞാൻ ചോദിച്ചു;''എങ്ങനെയാണ് ഞാൻ ഈ പദ്ധതി ചെയ്യേണ്ടത്.?''ആ സമയം സതീശ് ധവാൻ എനിക്കു നൽകിയ ഉപദേശം ഞാൻ സദാ ഓർക്കാറുണ്ട്; ''കലാം ഒരുവൻ പരിശ്രമങ്ങളിൽ ഏർപ്പെടുന്നില്ലന്നു വയ്ക്കുക എങ്കിൽ അവൻെറ മാളത്തിൽതന്നെ കഴിഞ്ഞു കൂടുകയായിരിക്കും. നാം ഒരു ലക്ഷ്യമൊ, ചുമതലയൊ ഏറ്റെടുക്കുന്ന അവസരത്തിൽ പ്രശ്നങ്ങളുണ്ടാവും. നാം ആ പ്രശ്നത്തെ

സ്വന്തം പിടിയിലൊതുക്കണം, അതിനെ തോൽപ്പിക്കണം. അങ്ങനെയാണ് വിജയം കൈവരിക്കേണ്ടത്.''

ഏഴ് കൊല്ലത്തിനുശേഷം 1979 ആഗസ്റ്റിൽ ഉപഗ്രഹവിക്ഷേപണത്തിൻെറ സമയം വന്നു.ഞങ്ങളെല്ലാവരും ശ്രീഹരിക്കൊട്ടയിലുണ്ട്.അവസാനഘട്ടത്തിൽ ഓട്ടോപൈലറ്റ് മോഡിലേക്കു നോക്കിയ നേരം കംമ്പ്യൂട്ടറിൻെറ മുന്നറിയിപ്പ്-വിക്ഷേപണം തുടങ്ങരുതെന്ന്. ഞാൻ മറ്റുള്ള വിദ്ഗധരോട് അന്വേഷിച്ചു.''അവർ പറഞ്ഞു, പേടിക്കേണ്ട വിക്ഷേപണം നടത്തിക്കൊള്ളു''.പദ്ധതിയുടെ ഡയറക്ട്ർ എന്ന നിലയിലുള്ള ഉത്തരവാദിത്വടെ ഞാൻ കംപ്യൂട്ടറിനെ മറികടന്ന് കൈകൊണ്ട് പ്രവർത്തിപ്പിച്ച് വിക്ഷേപണമാരഭിച്ചു വിക്ഷേപണം പരാജയപ്പെട്ടുകയും ച്ചെയ്യുതു.ഉപഗ്രഹവാഹനം ബംഗാൾ നട്ടുകടലിൽ പതിക്കുകയും ച്ചെയ്യുതു.ഇരുപതുകോടി രൂപ ബംഗാൾ നട്ടുകടലിൽ തള്ളാൻ എനിക്കു എങ്ങനെ സാധിച്ചു എന്നായിരുന്നു പത്രകാരുടെ ചോദ്യം.

ഈ പരാജയത്തിൽ നിന്ന് വീണ്ടും ഉയർത്തെഴുന്നേൽകാൻ എനിക്ക് സഹായകമായത് സതീശ് ധവാൻെറ ഉപദ്ദേശങ്ങളും എൻെറ കുടുബം എന്നിൽ അർപ്പിച്ച ആത്മീയമായ കരുത്താണ് ദുരന്തതേക്കുറിച്ച് ചിന്തിച്ച് വിഷമിതനായി കഴിയുന്നതിനു പകരം, വസ്തുനിഷ്ഠമായ രീതിയിൽ പരാജയത്തിൻെറ മൂലകാരണം എന്തന്നു വിശകലനം ച്ചെയ്യാൻ ഊർജമത്രയും വിനിയോഗിച്ചു. പരാജയത്തെ കുറിച്ച് അന്വേഷിക്കാനുള്ള സംഘത്തിൻെറ ചെയർമാൻ എം. ആർ.കുറുപ്പും മെംബർ സെക്രട്ടറി ജി.മാധവൻനായരുമായിരുന്നു. അവർ 125 ശാസ്ത്രജ്ഞരുമായും സസൂക്ഷമം സംസാരിക്കുകയും 200-ലധികം രേഖകളിൽ വിലയിരുത്തുകയും ചെയ്യുതു.

ഒടുവിൽ കുഴപ്പം എയർ കണ്ടീഷനിങ് പ്ലാൻറിൻെറതാണന്ന് മനസ്സിലായി.വിക്ഷേപണത്തിനുമുബുള്ള സമയത്ത് കൺട്രോൾ പവർ

പ്ലാൻറിൻെറ വാൽവിൽ പൊടി കടന്നിരുന്നു. തൻമൂലം അതു ശരിയായി പ്രവർത്തിക്കാതായി. ഈ സംഭവത്തിനു ശേഷം എല്ലാ ഉപകരണങ്ങളുടെയും ഗുണനിലവാരം കർശനമായി പരിശോധിക്കുന്നു എന്നു ഞങ്ങൾ ഉറപ്പു വരുത്തി. സാങ്കേതിക പ്രശ്നം കണ്ടെത്താൻ മാത്രമല്ല ഞങ്ങൾക്കു സാധിച്ച ശാസ്ത്രജ്ഞൻമാരുടെ മനോവീര്യം ഉയർത്താനും സാധിച്ചു. എത്രത്തോളമെന്നൊ അടുത്ത ഒരു കൊല്ലത്തിനുള്ളിൽത്തന്നെ രണ്ടാമത്തെ വിക്ഷേപണം നടത്താൻ അതെന്നെ പ്രാപ്തനാക്കി. ആ ഉദ്യമത്തിൽ വിജയിക്കുകയും ചെയ്തു.

**വിനീത വിജയൻ**
**IX A**

# നഷ്ടസ്മരണകൾ

കിഴക്ക് ദിക്കിൽ നിന്ന് സൂര്യവെളിച്ചം നീട്ടി പതിയെ എത്തിനോക്കി കൊണ്ട് പ്രഭാതം വന്നെത്തി . ഗ്രാമീണത ഒട്ടും എത്തിനോക്കാത്ത നമ്പർ 14 എന്ന നഗരം . വാഹനങ്ങളുടെ ശബ്ദങ്ങൾ കേട്ടുകൊണ്ടാണ് എന്നും രാവിലെ സിറ്റിപാർക്ക് ഫ്ലാറ്റിലെ 10 B റൂമിൽ നിന്നും നാരായണിയമ്മ ഉണരുന്നത് .



നഗരത്തിലെ ജീവിതം ഇഴയുന്ന ഒരു ഒച്ചിന് സമാനമായിരുന്നു അവർക്ക് . സമയം നീങ്ങുകയേയില്ല . എവിടെ നോക്കിയാലും എന്തിനൊക്കെയോ വേണ്ടി വേഗത്തിൽ പായുന്ന മനുഷ്യ ജന്മങ്ങൾ മാത്രം . ഏകമകനായ രവികുമാറിനൊപ്പം ശിഷ്ടകാല ജീവിതം നയിക്കാൻ സ്വന്തം നാടും , വീടും ,നാട്ടുകാരെയും , ഗ്രാമീണതയുമെല്ലാം ഉപേക്ഷിച്ച് നഗരത്തിലേക്ക് ചേക്കേറിയ ഒരു പക്ഷിയാണവർ . നഗരത്തിൽ എത്തിയതിന് ശേഷമാണ് അവരെ വിഷാധം എന്ന രോഗം വേട്ടയാടിതുടങ്ങിയത് .

പതിവ് പോലെ മകൻ അതിരാവിലെ ജോലിക്ക് പോയി . മരുമകൾ ഭക്ഷണം പോലും കഴിക്കാതെ സമയമായപ്പോൾ ഇറങ്ങിയോടി . വീട്ടുവേലക്കാരിയും വന്ന് തന്റെ ജോലികൾ തീർത്ത് മടങ്ങി . അപ്പോഴാണ് നാരായണിയമ്മ ഒരു കാര്യം ഓർത്തത് ,വാവ ഇതുവരെ ഉണർന്നിട്ടില്ല . റൂമിൽ ചെന്ന് നോക്കിയപ്പോൾ പുതപ്പിനുള്ളിൽ പുതച്ച് മൂടി ഉറങ്ങുകയാണവൻ . ഇന്ന് സ്കൂളിൽ പോകേണ്ട ദിവസമാണ് എന്നത് പോലും ഓർക്കാതെ . “വാവേ , ഏറ്റവാടാ വണ്ടി ഇപ്പം വരുമേ” നാരായണിയമ്മ വിളിച്ചു . അവൻ

അനങ്ങിയില്ല അടുത്ത് ചെന്ന് അവർ അവന്റെ നെറുകയിൽ ഒരു മുത്തം നൽകി .
അവൻ കണ്ണുകൾ തുറന്നു .

"ഗുഡ്മോർണിംഗ് അച്ഛമ്മേ" പക്ഷേ അതവർ കേട്ടിരുന്നില്ല . ആ അമ്മ വളരെ ഗാഢമായി എന്തോ ചിന്തിക്കുകയായിരുന്നു . തന്റെ മകന്റെ ബാല്യകാലത്തെപ്പറ്റി. തന്റെ വയറിനോട് ചേർന്ന് കിടന്നവൻ ഉറങ്ങിയതും എണ്ണ തേപ്പിച്ച് അവനെ കുളിപ്പിച്ച് സ്കൂൾ മുറ്റത്ത് വരെ കൊണ്ട് വിട്ട് മുത്തം നൽകി മടങ്ങിയതും , അങ്ങനെ പലതും ഇന്ന് ഇവന്റെ അമ്മയ്ക്ക് അതിനൊന്നും സാധിക്കുന്നില്ലല്ലോ ന്റെ ദൈവമേ . നാരായണിയമ്മയുടെ കണ്ണുകൾ നിറഞ്ഞു .

"എന്തുപറ്റി അച്ഛമ്മേ "
"ഒന്നുമില്ല കുട്ടാ , എണീറ്റ് വാ . ഇന്ന് സ്കൂളിൽ ഓണാഘോഷപരിപാടിയുടെ സമ്മാനം വാങ്ങാൻ പോകണം , എന്റെ കുട്ടിക്ക് 1,2 മത്സരങ്ങൾക്ക് സമ്മാനമുള്ളതല്ലേ " .
" ഓ , ഞാനതങ്ങ് മറന്നു " .
"സാരമില്ലാട്ടൊ , വണ്ടി വരാൻ നേരമാവുന്നു . മോൻ വന്ന് വേഗം സുന്ദരനാവ് , അച്ഛമ്മ പോയി ഭക്ഷണം കൊണ്ട് വരാം". "ശരി , നല്ലച്ചമ്മ , ഉമ്മ ..."
അടുത്ത റൂമിലെ കുട്ടിക്കൊപ്പം അവൻ സ്കൂൾ വണ്ടി കയറാൻ പോയി . അമ്മ അവിടെ തനിച്ചായി .എന്നാലും ടിവി കാണുകയോ , മറ്റ് റൂമുകളിൽ ഒരു ശല്യക്കാരിയായി പോയി ഇരിക്കുകയോ ഇല്ല . ആരെങ്കിലും വന്നാൽ സംസാരിക്കും അത്രമാത്രം . എന്നാൽ പണ്ട് അമ്മ ഇങ്ങനെയായിരുന്നില്ല .നല്ല ഊർജവതിയായിരുന്നു . കറുത്തിരുണ്ട മേഘത്താൽ ആകാശം മൂടി അർക്കൻ മറഞ്ഞ് അമ്പിളി കല വന്നു . ഒരു ദിവസം കൂടി തീരാൻ പോവുന്നു .രാത്രി ഭക്ഷണത്തിനിടെ അമ്മ പറഞ്ഞു .
"രവിയെ , നാളെ ഓണമല്ലേ , ഇവിടെ അത്തം മുതൽ പൂവിടുന്ന

പതിവ് കണ്ടില്ല , നാളെയെങ്കിലും ഇടണ്ടേടാ" .

"നാളെ പൂവിടുന്ന കാര്യം ഓർത്ത് അമ്മ വിഷമിക്കണ്ട ഒക്കെ റെഡിയാണ് ".
"ഇത്രയും ദിവസം തിരക്കായതുകൊണ്ടായിരുന്നു" .
മരുമകൾ കൂട്ടിച്ചേർത്തു .
അമ്മ ഒന്നും പറയാതെ രാമനാമം ജപിച്ചു കിടന്നു .

അടുത്ത രാവിലെ ഉണർന്ന അമ്മ അൽപ്പം ഒന്ന് അമ്പരന്നു . മകനും മരുമകളും നടുവിലത്തെ ആഡംബരം നിറഞ്ഞ മുറിയിലിരുന്ന് ടിവി കാണുന്നു . വാവ അപ്പുറത്തിരുന്ന് ഫോണിൽ കളിക്കുന്നു . തറയിലതാ ഓണപ്പൂക്കളം എന്ന് തോന്നിക്കുന്ന വിധത്തിൽ ചിത്രം വരച്ച ഒരു മാറ്റം കണ്ടു .

"ഇതെന്താടാ രവീ ഞാൻ കാണുന്നേ".
"നഗരത്തിലെ പൂക്കളമാ അമ്മേ ഇത്" .
"തൊടിയിൽ നിന്ന് പൂ പറിച്ചില്ലെങ്കിൽ പോട്ടെ , അൽപം പൂ വാങ്ങിക്കൂടായിരുന്നോ നിനക്ക്" .
"അതൊക്കെ ഇവിടെ കൊണ്ടുവന്ന് ഇടുക വലിയ പണിയാ"
"ശിവ ശിവ ... കാലത്തിന്റെ ഒരു പോക്കേ"
പുറത്ത് ആരോ വാതിലിൽ മുട്ടുന്ന ശബ്ദം , മരുമകൾ ഉഷ വാതിൽ തുറന്നു . ഹോട്ടലിൽ നിന്ന് പാർസലായി ഓണസദ്യ വീട്ടിൽ എത്തിക്കുന്നു .

ഇത്തരം കാഴ്ചകൾ കണ്ട അമ്മ ഒരു ശിലയെ പോലെ അണുവിട അനങ്ങാതെ നിന്ന് പോയി . ആരോടും ഒന്നും പറയാതെ അമ്മ റൂമിൽ പോയി വാതിലടച്ചിരുന്നു .
തന്റെ പോയ കാലം അവരോർക്ക് ഓണത്തിന്റെ തലേന്ന് രാത്രി മുതൽ സദ്യക്കുള്ള ഒരുക്കങ്ങൾ തുടങ്ങും .ഓണദിവസം

വീട്ടിലെ സ്ത്രീകൾക്ക് ഇരിക്കാനും നിൽക്കാനും സമയമില്ല .
3 തരം പായസം ഉൾപ്പെടെയുള്ള സദ്യ , ആ മധുരം ഇപ്പോഴും
അമ്മയുടെ നാവിൽ നിറയുന്നു . പലതരം കളികൾ , എല്ലാവരും
ചേർന്നുള്ള ഓണപ്പാട്ടുകൾ , ഊഞ്ഞാലാട്ടം , പുതിയകോടി ചുറ്റിയുള്ള
തിരുവാതിരകളി ,

പുലിക്കളി ഇങ്ങനെയുള്ള പല പല ഓർമ്മകൾ അമ്മയുടെ
മനസ്സിനെ കുത്തിനോവിച്ചുകൊണ്ടിരുന്നു . അവയെല്ലാം അമ്മയുടെ
നഷ്ടസ്മരണകളായി അമ്മയുടെ മനസ്സിൽ നിറഞ്ഞു . ഒരിക്കലും തിരിച്ച്
കിട്ടാത്തവയായി അമ്മയുടെ
നയനങ്ങളിലെ ഒരിറ്റ് കണ്ണീർ കണ്ണമായവ മാറി .
ആരോടും ഒന്നും പറയാതെ ഓർമ്മകൾ അയവിറക്കി കൊണ്ട് ആ
ദിവസം അമ്മ ഇരുന്നു .നഷ്ടസ്മരണകളുടെ
മധുരം നുണഞ്ഞ് സ്വയം വേദനിച്ചുകൊണ്ട് .

**ആൽബിൻ പി.കെ**
IX C

# ഹയ്യോ വിശക്കുന്നേ



കട്ടപ്പനയുള്ള  പൊട്ടച്ചൻ
പെട്ടിവയറുള്ള  പൊട്ടച്ചൻ
പുട്ടു തിന്നേഴ് പഴവും തിന്നു
ചുട്ടെടുത്തേത്തക്ക ആറു തിന്നു
കപ്പ തിന്നേഴ് പൊറോട്ട തിന്നു
ഉപ്പുകുട്ടിപ്പത്തു മാങ്ങ തിന്നു
മുട്ടക്കറികുട്ടി വെള്ളയപ്പം
മുപ്പത്തിണ്ടും ഇരുന്നുതിന്നു
ചക്കയൊരെണ്ണം മുറിച്ചുതിന്നു
ചമ്മന്തികുട്ടി ചോറുതിന്നു
ഇത്രയും തിന്നിട്ടും പൊട്ടച്ചൻ
ഇപ്പോൾ വിശന്നു കരഞ്ഞീടുന്നേൻ.

**ടോണി ആന്റണി**
**IX A**

# തേനീച്ചയുടെ പാട്ട്



കുഞ്ഞേ, കുഞ്ഞേ, പൂവുണ്ടോ?
പൂവിലൊരല്പം തേനുണ്ടോ?
പൂന്തേനൊപ്പിയെടുത്തു തരാമേ
കൂട്ടുണ്ടാക്കാനിടമുണ്ടോ?
മാവുകൾ പൂക്കും മാസത്തിൽ
പൂവുകൾ തേടിപ്പോകേണം
കാവുകൾ തോറുമലഞ്ഞാലല്ലേ
നാവുകൾ മധുരം നുണയാവൂ!
പണി ചെയ്യുമ്പോഴെന്തു രസം!
പണി ചെയ്യാത്തോർ മടിയന്മാർ.
പൂന്തേനറയിൽ നിറയുന്നേരം
പണി ചെയ്യുന്നോർക്കെന്തു രസം!
കുഞ്ഞേ,കുഞ്ഞേ,പൂവുണ്ടോ?
നിങ്ങടെ വീട്ടിൽ പൂവുണ്ടോ?

**ശ്രുതിമോൾ കെ.ആർ**
**IX A**

